**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 375** **23-01-2025 - ൽ മറുപടിയ്ക്ക്**

**എരുമേലി ഗ്രാമപഞ്ചായത്ത് വക സ്ഥലം ഫയർ സ്റ്റേഷനും എക്സൈസ് ഓഫീസിനും വിട്ടു നല്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | എരുമേലി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ എരുമേലി തെക്ക് വില്ലേജിൽപ്പെട്ട ഓരുങ്കൽ കടവിലുള്ള 51.05 സെന്റ് വസ്തുവിൽനിന്നും 6.72 ആർ സ്ഥലം ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായും 7.25 ആർ സ്ഥലം എക്സൈസ് ഓഫീസ് സ്ഥാപിക്കുന്നതിനായും സൗജന്യമായി വിട്ടുനൽകുന്നതിനുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ 23.04.2022 തീയതിയിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്ന നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (എ) | എരുമേലി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ എരുമേലി തെക്ക് വില്ലേജിൽപ്പെട്ട ഓരുങ്കൽ കടവിലുള്ള 51.05 സെന്റ് വസ്തുവിൽനിന്നും 6.72 ആർ സ്ഥലം ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായും 7.25 ആർ സ്ഥലം എക്സൈസ് ഓഫീസ് സ്ഥാപിക്കുന്നതിനായും സൗജന്യമായി വിട്ടുനൽകുന്നതിന് എരുമേലി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23/04/2022-ലെ അടിയന്തര യോഗം/പ്രത്യേക യോഗം തീരുമാനമെടുത്തിരുന്നു.<br><br>ഇതേ വിഷയത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 30/12/2023-ലെ LSGD/PD/64786/2023-AR2 നമ്പർ കത്തിനോടൊപ്പം ലഭിച്ച ഏരുമേലി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25/09/2023-ലെ 10(1) നമ്പർ തീരുമാനം സംബന്ധിച്ച് ഈ വകുപ്പിന്റെ ആർ.ഇ1/7/2024/തസ്വഭവ നമ്പർ ഫയലിലാണ് തുടർനടപടി സ്വീകരിച്ചിട്ടുള്ളത്. ടി വിഷയത്തിൽ നികുതി/ആഭ്യന്തര/റവന്യൂ വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞതിൻ പ്രകാരം ആ വകുപ്പുകൾ അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്രസ്തുത ഫയൽ നിയമവകുപ്പിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ